## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4075

25.06.2018 ൽ മറുപടിയ്ക്ക്

### കാവുകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.വി. ജോയി | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര കാവുകൾ ഉണ്ടെന്നും അവ സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ എത്ര കാവുകൾ ഉണ്ടെന്ന് കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ കാവു സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി. ) നമ്പർ 402/2010/വനം വന്യജീവി ,തീയതി 14.09.2010 പ്രകാരം കാവുകൾക്ക് ധന സഹായം നൽകുന്നതിനായി എല്ലാ വർഷവും സാമൂഹ്യവനവൽക്കരണ വിഭാഗം അപേക്ഷ ക്ഷണിക്കാറുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് പ്രോത്സാഹന ധനസഹായം നൽകി വരുന്നു. കാവിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ജൈവവേലി നിർമ്മിക്കുന്നതിനും കുളങ്ങൾ വൃത്തിയാക്കുന്നതിനും മറ്റുമാണ് ധനസഹായം നൽകുന്നത്. കാവുകൾക്ക് ദീർഘകാല അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. ലഭിച്ച അപേക്ഷയിന്മേൽ ആവശ്യമായ പരിശോധനകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഇതിനായി സംസ്ഥാന തലത്തിൽ കെ.എഫ്.ആർ.ഐ. ശാസ്ത്രജ്ഞൻ അടക്കമുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ കാവുകളെ തിരഞ്ഞെടുക്കുന്നു. തുടർന്ന് കാവ് ഉടമസ്ഥൻ സമർപ്പിക്കുന്ന അഞ്ച് വർഷത്തേക്കുള്ള സൂക്ഷ്മാസൂത്രണരേഖ വനം വകുപ്പ് അംഗീകരിച്ചതിനു ശേഷം കേരളാ വനം വകുപ്പുമായി കാവ് ഉടമസ്ഥൻ ധാരണാ പത്രം ഒപ്പിടുന്ന മുറയ്ക്ക് ആകെ അനുവദിക്കുന്ന തുകയുടെ 10 ശതമാനമോ 25,000/- രൂപയോ ഏതാണോ കുറവ് എന്ന ക്രമത്തിൽ വിവിധ ഗഡുക്കളായി ടി തുക വിതരണം ചെയ്യുകയും , പദ്ധതി പ്രവർത്തനം വകുപ്പ് വിലയിരുത്തുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വർക്കല നിയോജക മണ്ഡലത്തിൽ എത്ര കാവുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽ വരുന്ന വർക്കല നിയോജക മണ്ഡലത്തിലെ കാവുകൾ സംരക്ഷിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കാവുകളുടെ മൊത്തത്തിലുള്ള വിലയിരുത്തലുകൾ സാമൂഹിക വനവൽക്കരണ വിഭാഗം നടത്തുന്നില്ല. എങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കാവുകളുടെ വിലയിരുത്തൽ നടത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമ്പത്തിക സഹായം നൽകി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ